**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - പെരുമ്പാവൂർ നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ.എൻ. രാജനെതിരായ അച്ചടക്കനടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 666/2021/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.03.2021

---

പരാമർശം : 1. ശ്രീ. വി.എസ്. അനിൽകുമാർ സമർപ്പിച്ച 09.12.2009 തീയതിയിലെ പരാതി.

2. കൊച്ചി നഗരകാര്യജോയിന്റ് ഡയറക്ടറുടെ 06.03.2010 തീയതിയിലെ ജി1-1710 നമ്പർ അന്വേഷണറിപ്പോർട്ട്.

3. 14.07.2010 തീയതിയിലെ 22881/ഇയു2/10/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക

4. 16.02.2011 തീയതിയിലെ 22881/ഇയു2/10/തസ്വഭവ-നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5. 30.03.2020 തീയതിയിലെ ഇയു2-49/2015/തസ്വഭവ- നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

6. നഗരകാര്യ ഡയറക്ടറുടെ 25.08.2020 തീയതിയിലെ വി3-33066/17- നമ്പർ റിപ്പോർട്ട്.

7. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22.02.2021 തീയതിയിലെ എ 1-1/76/2020-കെ.പി.എസ്.സി നമ്പർ കത്ത്.

## ഉത്തരവ്

പെരുമ്പാവൂർ നഗരസഭയിലെ 15-ാം വാർഡിൽ പ്രവർത്തിച്ചുവന്നിരുന്ന ലക്ഷ്മി ഫ്ളവർ മിൽ എന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കി നൽകുന്നതിന് ഹെൽത്ത് സൂപ്പർവൈസറായ ശ്രീ. എൻ. രാജൻ 2,000/- രൂപ സ്ഥാപന ഉടമയായ ശ്രീ. വി.എസ് അനിൽകുമാറിനോട് കൈക്കൂലി ആവശ്യപ്പെട്ടതായി ശ്രീ. വി.എസ് അനിൽകുമാർ സർക്കാരിൽ സമർപ്പിച്ച പരാതിയിന്മേൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി **പരാമർശം 2** പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആരോപണവിഷയത്തിൽ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. എൻ. രാജൻ പരാതിക്കാരന് എതിരെ സ്വീകരിച്ച നടപടികൾ പൂർണ്ണമായും നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് വ്യക്തമായിട്ടുള്ളതാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ **ഹെൽത്ത് സൂപ്പർവൈസർ ശ്രീ.എൻ. രാജനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും** കുറ്റാരോപണമെമ്മോ നൽകുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച മറുപടി പരിശോധിക്കുകയും ടിയാന്റെ അപേക്ഷപ്രകാരം

ടിയാനെ 08.12.2010 ൽ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. നേരിൽ കേട്ട സമയത്തെ വാദങ്ങളുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ ടിയാനെതിരായ പരാതിക്കാരന്റെ ആരോപണം വസ്തുതാപരമാണെന്ന് തെളിഞ്ഞതിനാൽ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (1) പ്രകാരം ടിയാന്റെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം 4 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

2. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എൻ. രാജൻ സമർപ്പിച്ച മറുപടി പ്രകാരം ശ്രീ. വി.എസ്. അനിൽകുമാർ നടത്തിവരുന്ന ലക്ഷ്മി ഫ്ളവർ മിൽ എന്ന സ്ഥാപനത്തെ സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം ശ്രീ. ജലാലുദ്ദീൻ എന്ന വ്യക്തി ചില ചോദ്യങ്ങൾ ചോദിച്ചതിന്റെ അടിസ്ഥാനത്തിലാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഡി.എം.ഒയുടേയും സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് ശ്രീ.വി.എസ്അനിൽകുമാറിനോട് ആവശ്യപ്പെട്ടതെന്നും ആയത് ഓഫീസ് നടപടിക്രമങ്ങളുടെ ഭാഗമാണെന്നും ശ്രീ. വി.എസ് അനിൽകുമാർ ഉന്നയിച്ചിട്ടുള്ള ആരോപണത്തിന്മേൽ നഗരസഭാ സെക്രട്ടറി അന്വേഷണം നടത്തിയിട്ടുള്ളതും ടിയാന്റെ നടപടികൾ ശരിവച്ചിട്ടുള്ളതുമാണെന്നും മുനിസിപ്പൽ സെക്രട്ടറിയുടെ മുമ്പാകെ ടിയാൻ കൈക്കൂലി ആവശ്യപ്പെട്ട എന്നുള്ള ആരോപണം ശ്രീ. അനിൽകുമാർ ഉന്നയിച്ചിട്ടില്ലെന്നും ടിയാനെതിരെ കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചപ്പോൾ നഗരസഭാ സെക്രട്ടറിയുടെ 24.02.2010-ലെ പി.എച്ച്2-9830/09 നമ്പർ ഉത്തരവ് നടപടികൾ പരിഗണിച്ചതായി കാണുന്നില്ലെന്നും ടിയാന്റെ മറുപടിയിൽ പറയുന്നു. ശ്രീ. വി.എസ്. അനിൽകുമാറിന് നോട്ടീസ് നൽകിയതിന്റെ വിരോധം തീർക്കുന്നതിന് അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നേരിട്ട് ടിയാൻ നൽകിയ പരാതിയിലാണ് 2,000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടു എന്ന് ആരോപിച്ചിട്ടുള്ളതെന്നും മുനിസിപ്പാലിറ്റിയിൽ ചെയർമാൻ, സെക്രട്ടറി, ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിങ്ങനെയുള്ള അധികാരികളുടെ മുമ്പിലൊന്നും ശ്രീ. രാജൻ കൈക്കൂലി ആവശ്യപ്പെട്ടുവെന്ന് ടിയാൻ പരാതിപ്പെട്ടിട്ടില്ലെന്നും ആയത് രാഷ്ട്രീയ പ്രേരിതവും ഗൂഢാലോചനയുമാണെന്ന് ശ്രീ. എൻ. രാജന്റെ മറുപടിയിൽ പറയുന്നു. ശ്രീ. വി.എസ് അനിൽ കുമാറിന്റെ പരാതിയിന്മേലുള്ള കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി നേരിട്ട് വാങ്ങിയതായും ടിയാനിൽ നിന്നും കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ മൊഴി രേഖപ്പെടുത്തിയിട്ടില്ലെന്നും പരാതിക്കാരന്റെ താൽപ്പര്യപ്രകാരമുള്ള റിപ്പോർട്ടാണ് സർക്കാരിൽ സമർപ്പിച്ചതെന്നും വസ്തുതകൾ പരിഗണിക്കാതെയും മുനിസിപ്പൽ ചെയർമാൻ, ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മുനിസിപ്പൽ സെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവുകൾ ശേഖരിക്കാതെയുമാണ് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചതെന്നും കേരള ഗവൺമെന്റ് ബിസിനസ് റൂളിലെയും സെക്രട്ടറിയേറ്റ് മാനുവലിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല അന്വേഷണം നടത്തിയിട്ടുള്ളതെന്നും മറുപടിയിൽ ടിയാൻ വ്യക്തമാക്കിയിട്ടുണ്ട്. ചട്ടവിരുദ്ധമായി സമ്പാദിച്ചിട്ടുള്ള രാഷ്ട്രീയ പ്രേരിതമായ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടിയാനെതിരെയുള്ള നടപടികൾ

ആരംഭിച്ചിട്ടുള്ളതെന്നും ടിയാൻ മുനിസിപ്പൽ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ മാത്രമാണ് ചെയ്തിട്ടുള്ളതെന്നും നിയമവിധേയമായിട്ടാണ് പ്രവർത്തിച്ചിട്ടുള്ള തെന്നും കൈക്കൂലി ആവശ്യപ്പെട്ടിട്ടില്ലെന്നും ആയതിനാൽ വാർഷിക വേതനവർദ്ധനവ് തടയുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. എൻ. രാജന്റെ മറുപടിയിൽ അപേക്ഷിച്ചിരുന്നു.

3. പ്രസ്തുത വിഷയത്തിന്മേൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഹെൽത്ത് സൂപ്പർവൈസർ ശ്രീ. എൻ. രാജന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയതുപ്രകാരം ഒരേ വിഷയം സംബന്ധിച്ച് നഗരസഭാധികൃതർക്ക് നല്കിയ പരാതിയിൽ കൈക്കൂലി വാങ്ങിയെന്ന ആരോപണം ഉന്നയിക്കാതിരിക്കുകയും എന്നാൽ ബഹു. മന്ത്രിക്ക് നൽകിയ അതേ വിഷയം സംബന്ധിച്ച പരാതിയിൽ 2,000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടതായി ശ്രീ. വി.എസ് അനിൽകുമാർ ആരോപിച്ചിരുന്നതും ശരിയാണെന്ന വസ്തുത ശ്രീ. അനിൽകുമാർ സമർപ്പിച്ച ടി പരാതികൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. എന്നാൽ ടി വിഷയത്തിൽ ശ്രീ. എൻ. രാജൻ പരാതിക്കാരന് എതിരെ സ്വീകരിച്ച നടപടികൾ പൂർണ്ണമായും നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് വ്യക്തമായിട്ടുള്ളതാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുള്ളതായും അറിയിച്ചിരുന്നു. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിലും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ വിശദമായ അന്വേഷണ റിപ്പോർട്ട് പരിഗണിച്ചും ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ. എൻ. രാജനെതിരെ കാരണം കാണിക്കൽ നോട്ടീസിൽ താത്ക്കാലികമായി ചുമത്തിയ ശിക്ഷാ നടപടികൾ സ്ഥിരീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഇക്കാര്യം പരിശോധിക്കുകയും, എന്നാൽ ശ്രീ. എൻ. രാജൻ 31.10.2018 ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ ടിയാന്റെ സേവനകാലയളവ് തൃപ്തികരമല്ലെന്ന നിഗമനത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/-- രൂപ വീതം ആറ് മാസത്തേക്ക് കുറവ് ചെയ്യുന്നതിന് സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം 5 പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

5. കാരണംകാണിക്കൽ നോട്ടീസിന് ശ്രീ. എൻ. രാജൻ സമർപ്പിച്ച മറുപടിയിൽ ഏകപക്ഷീയവും രഹസ്യസ്വഭാവത്തോട് കൂടിയതുമായ റിപ്പോർട്ടുകളും ഉപദേശങ്ങളും മൊഴികളും അടിസ്ഥാനമാക്കിയാണ് താൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുള്ള തെന്നും താൻ കുറ്റം ചെയ്തിട്ടില്ലെന്നും നിരപരാധിയാണെന്നും 31.10.2018 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടും നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും കടുത്ത മാനസികസമ്മർദ്ദത്തിനെത്തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ 2424/19 പ്രകാരം കേസ് നൽകിയിട്ടുള്ളതുമാണെന്ന് മറുപടിയിൽ പറയുന്നു. ടിയാൻ കുറ്റം ചെയ്തിട്ടില്ലെന്നും ആയതിനാൽ പെൻഷനിൽ നിന്നും 100/-- രൂപ വീതം ആറ് മാസത്തേക്ക് കുറവ് ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കിത്തരണമെന്നും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവുണ്ടാകണമെന്നും ശ്രീ. എൻ. രാജൻ മറുപടി സമർപ്പിച്ചിരുന്നു.

6. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 6 പ്രകാരം റിപ്പോർട്ട് പ്രകാരം ശ്രീ. എൻ. രാജൻ പരാതിക്കാരനായ ശ്രീ. വി.എസ് അനിൽകുമാറിനെതിരേ സ്വീകരിച്ച നടപടികൾ പൂർണ്ണമായി നിയമപരമായി നിലനിൽക്കുന്നതല്ലെന്ന കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിനെ ഖണ്ഡിക്കുന്ന യാതൊരു തെളിവുകളോ രേഖകളോ ടിയാന്റെ മറുപടിയിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയാന്റെ സേവനകാലയളവ് തൃപ്തികരമല്ലെന്ന നിഗമനത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/-- രൂപ വീതം ആറ് മാസത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച നടപടി സ്ഥിരപ്പെടുത്തി ടിയാനെതിരേയുള്ള അച്ചടക്കനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പെരുമ്പാവൂർ നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ. എൻ. രാജന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/-- രൂപ വീതം ആറ് മാസത്തേക്ക് കുറവ് ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിൽ കെ.എസ്.ആർ ഭാഗം III ചട്ടം 3 (ഡി) പ്രകാരം കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയുണ്ടായി.

8. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഇക്കാര്യത്തിലുള്ള പരാമർശം 7 കത്ത് പ്രകാരം ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്തിരുന്നു.

9. മേൽ സാഹചര്യത്തിൽ പെരുമ്പാവൂർ നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ. എൻ. രാജനെതിരായി ആരംഭിച്ച അച്ചടക്കനടപടി, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/-- രൂപ വീതം ആറ് മാസത്തേക്ക് കുറവ് ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി , തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാതൃൂ**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ശ്രീ. എൻ. രാജൻ, ഹെൽത്ത് സൂപ്പർവൈസർ, പെരുമ്പാവൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Danny

സെക്ഷൻ ഓഫീസർ